Digitally approved document; signature not required.
Document 2025/125037/1 - General - File No. 2025/38492/1
Approved by Dean Student Affairs on 2025-12-18 12:57:33
http://www.kuhs.ac.in
kZNFR-LIE-oqFH-RlcI
KUHS, Thrissur

KERALA UNIVERSITY OF HEALTH SCIENCES

THRISSUR – 680 596

PHONE: 0487 – 2207650, 2207664 FAX: 0487 – 2206770

No : 38492/DSA-A1/KUHS/2025 തീയതി : 18-12-2025

# സർവ്വകലാശാല വിദ്യാർത്ഥി യൂണിയൻ തിരഞ്ഞെടുപ്പ് 2025-26

അഫിലിയേറ്റഡ് പ്രൈവറ്റ്, സ്വാശ്രയ, അൺ എയ്ഡഡ് കോളേജുകളിൽ നിന്ന് KUHS സ്റ്റുഡന്റ്സ് യൂണിയന്റെ ജനറൽ കൗൺസിലിലേക്കായുള്ള 10 അംഗങ്ങളുടെ തിരഞ്ഞെടുപ്പ്, 2025-26

## തിരഞ്ഞെടുപ്പ് വിശദാംശങ്ങളും നിർദേശങ്ങളും

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ കെ.യു.എച്ച്.എസ് സ്സ്റ്റഡന്റ്സ് യൂണിയൻ 2025-26 ലെ, അഫിലിയേറ്റഡ് പ്രൈവറ്റ്, സ്വാശ്രയ, അൺ എയ്ഡഡ് കോളേജുകളിൽ നിന്ന് KUHS സ്റ്റുഡന്റ്സ് യൂണിയന്റെ ജനറൽ കൗൺസിലിലേക്കായുള്ള 10 അംഗങ്ങളുടെ തിരഞ്ഞെടുപ്പ് – 2025-26, 20-12-2025 ന് രാവിലെ 10.30 മുതൽ ഉച്ചക്ക് 1.30 വരെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആസ്ഥാനത്തെ ഇവാലുവേഷൻ സെന്ററിൽ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള ബൂത്തിൽ വച്ച് നടത്തുന്നതാണ്.

1. 15-11-2025 ന് യൂണിവേഴ്സിറ്റി വെബ്സൈറ്റിലും നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയിൽ ഉൾപ്പെട്ട എല്ലാ യൂണിവേഴ്സിറ്റി യുണിയൻ കൗൺസിലര്മാർക്കും തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താന് അർഹത ഉണ്ടായിരിക്കും.

2. ഏതെങ്കിലും കാരണവശാൽ പ്രസ്തുത അംഗത്വം തിരഞ്ഞെടുപ്പ് തീയതിക്ക് മുൻപ് നഷ്ടപ്പെടുന്നവർക്ക് തെരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അര്ഹതയില്ലാതായി തീരുന്നതാണ്.

3. വോട്ട് ചെയ്യാൻ വരുന്നവർ അസ്സൽ യൂണിവേഴ്സിറ്റി / കോളേജ് ഐ ഡി കാർഡ് അഥവാ വിദ്യാർത്ഥിയുടെ ഫോട്ടോയും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം വോട്ട് ചെയ്യാൻ അനുവദിക്കില്ല.

4. ഒരു സ്ഥാനാർത്ഥിക്ക് 2 പോളിംഗ് ഏജന്റുമാർ അനുവദനീയമാണ് (ഒരു സമയം ഒരു ഏജന്റ് മാത്രം). പോളിംഗ് ഏജന്റുമാരായി അപേക്ഷിക്കുന്നവരുടെ പേരുകൾ ഇലക്ട്റൽ റോളിൽ ഉണ്ടായിരിക്കണം. പോളിംഗ് ഏജന്റുമാർക്കുള്ള പാസുകൾ കേരള ആരോഗ്യ ശാസ്ത്ര സര്വ്വകലാശാല ആസ്ഥാനത്തെ ഇവാലുവേഷൻ സെന്ററിൽ വച്ച് നൽകുന്നതാണ്. പോളിംഗ് ഏജന്റുമാരായി നിയമിക്കപ്പെടേണ്ടവർ സ്ഥാനാർഥിയും ഏജന്റും ഒപ്പിട്ട് പൂരിപ്പിച്ച നിശ്ചിത ഫോറം 20-12-2025 ന് രാവിലെ 10.00 ന് പ്രിസൈഡിങ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. 10.15 am ന ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

5. സ്ഥാനാർത്ഥിക്കോ സ്ഥാനാർത്ഥി നിർദേശിക്കുന്ന ഒരാൾക്കോ കൗണ്ടിംഗ് സമയത്തു പങ്കെടുക്കാവുന്നതാണ്. കൗണ്ടിംഗ് ഏജന്റുമാരായി അപേക്ഷിക്കുന്നവരുടെ പേരുകൾ ഇലക്ട്റൽ റോളിൽ ഉണ്ടായിരിക്കണം. കൗണ്ടിംഗ് ഏജന്റുമാർക്കുള്ള പാസുകൾ കേരള ആരോഗ്യ ശാസ്ത്ര സര്വ്വകലാശാല ആസ്ഥാനത്തെ ഇവാലുവേഷൻ സെന്ററിൽ വച്ച് നൽകുന്നതാണ്.

6. പോളിങ് ബൂത്തിന്റെ 100 മീറ്റർ ചുറ്റളവിനുള്ളിൽ ഒരു തരത്തിലുമുള്ള തിരഞ്ഞെടുപ്പ് പ്രചരണം അനുവദനീയമല്ല.

7. ഒരു തരത്തിലുമുള്ള മുദ്രാവാക്യങ്ങളും, ആഘോഷങ്ങളും യൂണിവേഴ്സിറ്റി ആസ്ഥാനമന്ദിരത്തിൽ അനുവദനീയമല്ല.

8. വോട്ടിംഗ് ദിവസം 1.30 PM വരെ ക്യൂവിൽ നിൽക്കുന്നവരെ മാത്രമേ വോട്ട് ചെയ്യാൻ അനുവദിക്കു. 1.30 pm നു ശേഷം വരുന്നവരെ വോട്ട് ചെയ്യാൻ അനുവദിക്കില്ല.
9. സ്ഥാനാർത്ഥിയുടെ പേരിനു നേരെ നൽകിയിട്ടുള്ള കോളത്തിൽ വ്യക്തമായി **X** എന്ന അടയാളത്തിൽ വോട്ട് രേഖപ്പെടുത്തേണ്ടതാണ്.

10. വോട്ടർമാർക്ക് യാത്രാ ബത്ത/ ദിനബത്ത യൂണിവേഴ്സിറ്റിയിൽ നിന്നും നൽകുന്നതല്ല.

11. തിരഞ്ഞെടുപ്പിലെ എല്ലാ ഘട്ടത്തിലും വോട്ടെണ്ണൽ ഘട്ടത്തിലും 2010 ലെ ആരോഗ്യ ശാസ്ത്ര സർവകലാശാല നിയമം, വകുപ്പ് VI, ഉപവകുപ്പ 48, സർവകലാശാലയുടെ സ്ററാട്ട്യൂട്ട്പാർട്ട് സി യിലെ നിയമങ്ങളും, ലിങ്ദോ കമ്മിററി നിർദ്ദേശങ്ങളും ബാധകമായിരിക്കും.

12. റിട്ടേർണിംഗ് ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

<u>വോട്ടടയാളം ശരിയായി രേഖപ്പെടുത്തുന്ന വിധം</u>

| X |
|---|

<u>താഴെ പറയുന്ന കാരണങ്ങളാൽ ബാലറ്റ് പേപ്പറിലെ വോട്ട് അസാധുവാകുന്നതാണ്</u>

I. പ്രിസൈഡിങ് ഓഫീസറുടെ ഒപ്പ് ഇല്ലെങ്കിൽ
II. വോട്ടറുടെ പേര്, ഒപ്പ് കൂടാതെ തിരിച്ചറിയപ്പെടാവുന്ന തരത്തിലുള്ള ഏതെങ്കിലും വാക്കോ, അടയാളങ്ങളോ ഉണ്ടെങ്കിൽ
III. **X** എന്ന അടയാളം അല്ലാതെ ഏത് തരത്തിലുള്ള അടയാളം ഉപയോഗിച്ച് വോട്ട് രേഖപ്പെടുത്തിയാൽ
IV. ഒരു വോട്ടും രേഖപ്പെടുത്താതിരുന്നാലും.
V. ഏതെങ്കിലും തരത്തിൽ അവ്യക്തത വന്നാൽ.
VI. ഏതെങ്കിലും തരത്തിൽ തിരഞ്ഞെടുപ്പ് നിയമങ്ങൾ ലംഘിക്കപ്പെട്ടാൽ.
VII. സ്ഥാനാർത്ഥികൾക്ക് നേരെയുള്ള കോളത്തിന് പുറത്തേക്ക് വോട്ടടയാളം രേഖപ്പെടുത്തിയാൽ.

റിട്ടേണിങ്ങ് ഓഫീസർ

Document 2025/125037/1 - General - File No. 2025/38492/1 Digitally approved document; signature not required.
Approved by Dean Student Affairs on 2025-12-18 12:57:33
http://www.kuhs.ac.in
kZNFR-LIE-oqFH-RlcI
KUHS, Thrissur